## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2685

27/01/2014-ൽ മറുപടിയ്ക്ക്

### ജല സംരക്ഷണത്തിന് നടപടികൾ

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
„ റ്റി. യു കുരുവിള
„ സി. എഫ് തോമസ്
„ തോമസ് ഉണ്ണിയാടൻ

**മറുപടി**

ശ്രീ.പി .ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ജല സംരക്ഷണത്തിനും ശുദ്ധജല വിതരണത്തിനും ഈ സർക്കാർ സ്വീകരിച്ച് നടപ്പിലാക്കി വരുന്ന നടപടികൾ വിശദമാക്കാമോ;

(എ) ജലസംരക്ഷണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിനു കീഴിൽ, കുളങ്ങളുടെ സംരക്ഷണം, ചെക്ക് ഡാമുകളുടെയും റഗുലേറ്റർ കം ബ്രിഡ്ജിന്റേയും നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടന്നു വരുന്നു.

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ജലനിധി പദ്ധതികളിൽ ജലസംരക്ഷണവും പരിപാലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജലസുരക്ഷാ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തു കൊണ്ടുള്ള ജലസംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തു തലത്തിൽ ജലസംരക്ഷണവും പരിപാലനവും വിഷയമാക്കി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ഭൂജലസ്രോതസ്സിന്റെ വർദ്ധനവിനായി കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ട്. ചെറിയ ചെക്ക് ഡാമുകൾ, വി.സി.ബി., ചെറിയ കിടങ്ങുകൾ, മേൽക്കൂര മഴവെള്ള സംഭരണ പദ്ധതി പ്രകാരം നിലിവിലുള്ള കിണറുകളിൽ

ഭൂജലസംപോഷണം നടത്തുക, തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ജല സംരക്ഷണത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരളഭൂജല (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ട് പ്രകാരം ജലമലിനീകരണം തടയുവാനും അമിത ജലചൂഷണം തടയുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ശുദ്ധജല വിതരണത്തിനായി നിലവിൽ ജലവിതരണ പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും, ഹാൻഡ്പമ്പ് പദ്ധതികളും നടപ്പാക്കി വരുന്നു. ഈ സാമ്പത്തിക വർഷം ഈയിനത്തിൽ 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുദ്ധജലവിതരണത്തിനായി വാട്ടർ അതോറിറ്റി വഴി വിവിധ പദ്ധതികൾ കേന്ദ്രസർക്കാർ, ജിക്ക, സംസ്ഥാന സർക്കാർ, നബാർഡ് എന്നിവയുടെ ധനസഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതു കൂടാതെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതുവഴിയും പഴയതും ഉപയോഗശൂന്യവുമായ പമ്പുകൾ, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിച്ചും ശുദ്ധജലവിതരണം സുഗമമാക്കുന്നു. കെ.എസ്.യു.ഡി.പി. നോഡൽ ഏജൻസിയായ ജന്റം, യു.ഐ.ഡി.എസ്. എസ്.എം.റ്റി., എ.ഡി.ബി. പദ്ധതികൾ വഴിയും ശുദ്ധജലവിതരണം നടപ്പിലാക്കി വരുന്നു.

(ബി) ജലസംരക്ഷണത്തിന് പഞ്ചായത്തുകൾ തോറും കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

(ബി) പഞ്ചായത്തുകൾ തോറും കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. എന്നാൽ തോടുകൾ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. പുനരുദ്ധാരണ പ്രവൃത്തികൾ മാത്രമേയുള്ളൂ.

ജലനിധിപദ്ധതിയിലേക്ക് തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള സ്രോതസ്സ് തെരഞ്ഞെടുക്കുന്ന സമയത്ത് നിലവിലുള്ള കുളങ്ങൾ, തോടുകൾ എന്നിവ ശാസ്ത്രീയമായ പഠനം നടത്തി പരിശോധനകൾക്കുശേഷം നവീകരിച്ച് കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്നു.

സെക്ഷൻ ഓഫീസർ